## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 113 — 29/09/2011-ൽ മറുപടിക്ക്

### വിദ്യാഭ്യാസ രംഗത്ത് നിയമനങ്ങളിലും പ്രവേശനങ്ങളിലും നിലനിൽക്കുന്ന അഴിമതി

<u>ചോദ്യം</u>

ശ്രീ. എസ്. ശർമ്മ
ശ്രീ. സി.കെ. സദാശിവൻ
ശ്രീമതി. കെ.കെ. ലതിക
ശ്രീ. ആർ. സെൽവരാജ്

<u>ഉത്തരം</u>

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) വിദ്യാഭ്യാസ രംഗത്ത് നിയമനങ്ങളിലും പ്രവേശനങ്ങളിലും അഴിമതി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(എ) പൊതു വിദ്യാഭ്യാസ രംഗത്ത് നിയമനങ്ങളെ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നുണ്ട്. എയ്ഡഡ് മേഖലയിലെ നിയമനങ്ങൾ അംഗീകരിക്കുന്ന എല്ലാ ഫയലുകളും പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. കുറ്റകരമായ അനാസ്ഥയോ കൃത്യവിലോപമോ ക്രമവിരുദ്ധമായ നടപടികളോ ശ്രദ്ധയിൽപെട്ടാൽ കുറ്റക്കാർക്കെതിരെ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്. ആയതുപോലെ വിദ്യാർത്ഥികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേലും ബന്ധപ്പെട്ടവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ ഉൾപ്പെടെ ഉചിതമായ ശിക്ഷണനടപടികൾ സ്വീകരിക്കാറുണ്ട്.

വി.എച്ച്.എസ്.ഇ സ്കൂളുകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട് അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഈ അദ്ധ്യയന വർഷം (2011-12) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പ്രവേശന നടപടികൾ ഏകജാലക സംവിധാനത്തിലൂടെ നടപ്പിൽ വരുത്തി പ്രവേശന നടപടികൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ഹയർ സെക്കന്ററി വിദ്യാഭ്യാസ രംഗത്തെ പ്രവേശനം സുഗമവും സുതാര്യവും ആകുന്നതിനുവേണ്ടി ഏക ജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ

സംവിധാനത്തിലൂടെ ഹയർ സെക്കന്ററി പ്രവേശനം സുതാര്യമായി നടന്നുവരുന്നു. ഇവിടെ അഴിമതി ചൂണ്ടിക്കാണിച്ചു കൊണ്ടുള്ള രേഖാമൂലമുള്ള പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്വാശ്രയ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അഴിമതിയും ദുഷ്പ്രവണതകളും സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട സംഗതികൾ എന്തെല്ലാമാണ് ;

(ബി) എയ്ഡഡ് മേഖലയിൽ ഗവൺമെന്റിന്റെ മുൻകൂർ അനുമതി ഇല്ലാതെയും അനുവദിക്കപ്പെട്ട തസ്തികയുടെ അഭാവത്തിലും നിയമനം നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഹയർ സെക്കന്ററി എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങളെ സംബന്ധിച്ച് പത്രമാധ്യമങ്ങളിലൂടെ വരുന്ന സാമ്പത്തിക അഴിമതികളെ കുറിച്ചുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട ഉന്നത വിദ്യാഭ്യാസത്തിൽ സമയബന്ധിതമായി സർക്കാരുമായി ഫീസ്, സീറ്റ് വിഭജനം മുതലായ കാര്യങ്ങളിൽ കരാറിൽ ഏർപ്പെടാതിരിക്കുക, ഇതു മൂലം അലോട്ട്മെന്റ് നടപടികൾ വൈകിക്കുക, കരാറിൽ ഏർപ്പെട്ടാൽ തന്നെ അലോട്ട്മെന്റ് നടപടികൾ പൂർത്തിയാകുന്നതിനു മുമ്പ് അലോട്ട്മെന്റിൽ നിന്നും വിട്ടുപോകുന്ന പ്രവണത, തന്മൂലം വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ നഷ്ടമാകുന്നതു കൊണ്ടും അലോട്ട്മെന്റ് നടപടി പൂർത്തിയാകുന്നതിന് മുമ്പ് തന്നെ ലിക്വിഡേറ്റഡ് ഡാമേജ് ഏർപ്പെടുത്തേണ്ടിവരുന്നതും അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ നിന്നും സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നതിനുപരിയായി ഡിപ്പോസിറ്റുകൾ ചോദിക്കുക മുതലായ കാര്യങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(സി) പ്രവേശന പരീക്ഷയിൽ ലഭിച്ച റാങ്കിന്റെ അടിസ്ഥാനത്തിൽ മാത്രമേ എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും പ്രവേശനം നടത്താവൂ എന്ന നയം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) മെഡിക്കൽ കോഴ്സുകൾക്ക് എൻട്രൻസ് പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടപടികൾ നടത്തുന്നത്. 2011-ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത് പ്രവേശന പരീക്ഷയുടേയും യോഗ്യതാപരീക്ഷയുടേയും മാർക്കുകൾക്ക് തുല്യ പ്രാധാന്യം നൽകേണ്ടതാണെന്നുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്.

| | |
|---|---|
| (ഡി) എങ്കിൽ സുപ്രീംകോടതിയിൽ പരിഗണനയിലിരിക്കുന്ന കേസുകളിൽ ഈ നിലപാട് അംഗീകരിച്ച് കിട്ടുന്നതിനായി ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഡി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

പൊതു വിദ്യാഭ്യാസ രംഗത്തെനിയമനങ്ങളിലേയും പ്രവേശനങ്ങളിലേയും അഴിമതിയുമായി ബന്ധപ്പെട്ട പരാതികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വിജിലൻസ് വിഭാഗത്തിന് ലഭിക്കുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ ഗൗരവമനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നേരിട്ടും സബ് ആഫീസുകൾ മുഖേനയും അന്വേഷണം നടത്തി അഴിമതിക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാറുണ്ട്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിന്റെ 389 വിദ്യാലയങ്ങളിലായി ഓരോ വർഷവും 27,500 വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകളിൽ പ്രവേശനം നൽകിവരുന്നു.

പ്രവേശന പ്രക്രിയ സ്കൂളുകൾ കേന്ദ്രീകരിച്ച് ആണ് നടത്തി വരുന്നത്. നിലവിലുണ്ടായിരുന്ന പ്രവേശന നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും, കൂടുതൽ വേഗത്തിലും, സുതാര്യവുമാക്കുന്നതിനുമായി 2011-12 അദ്ധ്യയന വർഷം തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ പ്രവേശന നടപടികൾ ഏകജാലക സംവിധാനത്തിലൂടെ (Single Window System ) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയുണ്ടായി.

ഏകജാലക സംവിധാനത്തിലൂടെയുള്ള പ്രവേശന നടപടികൾ വിജയകരമായി പൂർത്തിയാക്കിയ സാഹചാര്യത്തിൽ, അടുത്തവർഷം സംസ്ഥാനത്തെ മുഴുവൻ വി.എച്ച്.എസ്. സ്കൂളുകളിലേയ്ക്കുമുള്ള പ്രവേശന നടപടികൾ ഏകജാലക സംവിധാനത്തിലൂടെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹയർ സെക്കന്ററി വിദ്യാഭ്യാസ രംഗത്തെ പ്രവേശനം സുഗമവും സുതാര്യവും ആകുന്നതിനുവേണ്ടി ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പ്രക്രിയയിലൂടെ ഹയർ സെക്കന്ററി പ്രവേശനം സുതാര്യമായി നടന്നുവരുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് നിയമനങ്ങളിലും പ്രവേശനങ്ങളിലും നിലനിൽക്കുന്ന അഴിമതിയെ സംബന്ധിച്ചുള്ള വിവരം ശ്രദ്ധയിൽ പെട്ടിട്ടില്ല. സ്വാശ്രയ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അഴിമതിയും ദുഷ്പ്രവണതകളും സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ സമയബന്ധിതമായി സർക്കാരുമായി ഫീസ്, സീറ്റ് വിഭജനം മുതലായ കാര്യങ്ങളിൽ കരാറിൽ ഏർപ്പെടാതിരിക്കുക; ഇതു മൂലം അലോട്ട്മെന്റ് നടപടികൾ വൈകിക്കുക, കരാറിൽ ഏർപ്പെട്ടാൽ തന്നെ അലോട്ട്മെന്റ് നടപടികൾ പൂർത്തിയാകുന്നതിനു മുമ്പ് അലോട്ട്മെന്റിൽ നിന്നും വിട്ടുപോകുന്ന പ്രവണത, തന്മൂലം വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ നഷ്ടമാകുന്നതു കൊണ്ടും അലോട്ട്മെന്റ് നടപടി പൂർത്തിയാകുന്നതിന് മുമ്പ് തന്നെ ലിക്വിഡേറ്റഡ് ഡാമേജ് ഏർപ്പെടുത്തേണ്ടി വരുന്നതും അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ നിന്നും സർക്കാർ ഉത്തരവിൽ നിഷ്കർഷി ക്കുന്നതിനുപരിയായി ഡിപ്പോസിറ്റുകൾ ചോദിക്കുക എന്നിവയാണ്.

മെഡിക്കൽ കോഴ്സുകൾക്ക് എൻട്രൻസ് പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടപടികൾ നടത്തുന്നത്. എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തേണ്ടതെന്ന് AICTE യുടെ നിർദ്ദേശം നിലവിലുണ്ട്. എന്നാൽ 2011-ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത് പ്രവേശന പരീക്ഷയുടേയും യോഗ്യതാപരീക്ഷയുടേയും മാർക്കുകൾക്ക് തുല്ല്യ പ്രാധാന്യം നൽകേണ്ടതാണെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്.

Shijigeorge,
സെക്ഷൻ ഓഫീസർ